പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.285 — 26.2.2018 ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് പ്രൊജക്ട്

ചോദ്യം — മറുപടി

ശ്രീ.കെ.കുഞ്ഞിരാമൻ — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് പ്രൊജക്ടിന് എത്ര രൂപയാണ് നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വ്യക്ത്യാധിഷ്ഠിതമായ ശാരീരിക മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്. ആയതിലേയ്ക്ക് മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ **25** ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും കൈവശാവകാശവും നൽകി ഉത്തരവായിട്ടുണ്ട്. സമഗ്ര പുനരധിവാസ ഗ്രാമത്തിന്റെ കരട് രൂപരേഖ തയ്യാറാക്കുകയും ആയതിന്മേൽ ആരോഗ്യം, സാമൂഹ്യനീതി, റവന്യൂ എന്നീ മേഖലയിൽ പ്രവർത്തിച്ചു വരുന്ന വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് വിവിധ ശിൽപ്പശാലകൾ നടത്തിയിട്ടുണ്ട്. ഇപ്രകാരം കാസർഗോഡ് ജില്ലാകളക്ടർ മുഖാന്തിരം 25 കോടി രൂപയുടെ സമഗ്രമായ പ്രോജക്ട് പ്രൊപ്പോസൽ വിശദമായ എസ്റ്റിമേറ്റും |

പ്ലാനും (ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖാന്തിരം തയ്യാറാക്കിയത്) സർക്കാർ പരിശോധിച്ചു വരുന്നു.

| ക്രമ നം | ഘട്ടം | എസ്റ്റിമേറ്റ് തുക | പദ്ധതി കാലാവധി |
|---|---|---|---|
| 1 | ആദ്യഘട്ടം | 5 കോടി | 12 മാസം |
| 2 | രണ്ടാം ഘട്ടം | 20 കോടി | 36 മാസം |

നാലു വർഷം കൊണ്ട് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന മേൽ പദ്ധതിയുടെ ആദ്യ വർഷ ചെലവുകൾക്കായി 5 കോടി രൂപയും തുടർന്നുള്ള മൂന്നു വർഷങ്ങളിലേയ്ക്ക് 20 കോടി രൂപയുമാണ് ബഡ്ജറ്റ് മതിപ്പ്.

(ബി) നിലവിൽ ഈ പ്രൊജക്ട് നടപ്പിലാക്കുന്നതിന് എത്ര രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്;വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് വരെയായെന്ന് വിശദമാക്കാമോ?

(ബി) & (സി) ടി പ്രോജക്ടിനായി നടപ്പ് വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ കാസർഗോഡ് ജില്ലാ കളക്ടറുടെ കൈവശം ഇതേ ആവശ്യത്തിലേയ്ക്ക് നീക്കിയിരിപ്പുള്ള തുകയായ 5 കോടി രൂപ ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കാസർഗോഡ് എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് രൂപീകരണത്തിനുള്ള 25 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്ന വിഷയം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ